ജി എൽ പി സ്കൂൾ കാലടി

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26



## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

ജി.എൽ.പി.സ്കൂൾ കാലടി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

**ആമുഖം**

***ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം***

2025-26 അധ്യയനവർഷം സംസ്ഥാനമൊട്ടാകെ സമഗ്രഗുണമേന്മവിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുകയാണല്ലോ. പദ്ധതിക്കനുസൃതമായി വിദ്യാലയത്തിലെ ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് കുട്ടിയുടെ സമഗ്ര വികസനം ലക്ഷ്യംവെയ്ക്കുന്ന ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെയും ജനകീയ സമിതികളുടെ പിന്തുണയോടെയും ഉറപ്പാക്കിയിരിക്കുന്ന സംസ്ഥാന തലത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്കനുസൃതമായി അക്കാദമിക പ്രവർത്തനങ്ങളിലും മൂല്യ നിർണ്ണയ രീതികളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. വിദ്യാലയത്തിലെ സ്മാർട്ട് ബോർഡും മറ്റ് ഐ സി ടി ഉപകരണങ്ങളും പഠന പ്രവർത്തനങ്ങൾക്ക് പരമാവധി ഉപയോഗപ്പെടുത്താവുന്ന തരത്തിലാണ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. അധ്യാപക പരിശീലനങ്ങളുടെ അന്തസത്ത ഉൾക്കൊണ്ടു പ്രവർത്തിക്കുന്നഅധ്യാപക സമൂഹം വിദ്യാലയം ലക്ഷ്യം വെച്ച പദ്ധതികളുടെ വിജയത്തിന് വഴിയൊരുക്കുമെന്നുറപ്പാണ്. അക്കാദമിക വർഷാവസാനം നടക്കുന്ന പഠനോത്സവങ്ങൾ ഇതിന്റെസാക്ഷ്യപത്രങ്ങളാവും, തീർച്ച.

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി. ടി. എ പ്രസിഡൻറ്
അനീഷ് കെ.

ഹെഡ്മിസ്ട്രസ്
ചിത്ര പി. ജി

എസ് ആർ ജി കൺവീനർ
സ്മിത മാടമ്പത്ത്

# ജി.എൽ.പി.സ്കൂൾ കാലടി

പൊന്നാനി താലൂക്കിൽ എടപ്പാൾ ഉപജില്ലയിലെ കണ്ടനകത്ത് സ്ഥിതി ചെയ്യുന്ന ജി.എൽ.പി.സ്കൂൾ കാലടി 1916 ൽ പുള്ളുവൻപടി സെൻ്ററിൽ ഓലമേഞ്ഞ കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചത്.

1945 ലാണ് സ്കൂൾ കണ്ടനകത്തേക്ക് മാറ്റിയത്. കാലക്രമത്തിൽ സ്കൂൾ സർക്കാരിനു വിട്ടു കൊടുത്തു പ്രീപ്രൈമറി ഉൾപ്പെടെ 1 മുതൽ 4 വരെ ക്ലാസുകളിലായി ഇരുന്നൂറ്റി നാൽപത്തിയെട്ട് കുട്ടികൾ ഈ അധ്യയന വർഷം വിദ്യാലയത്തിൽപഠിക്കുന്നുണ്ട്. ഉപജില്ലയിലെ തന്നെ മികച്ച ഭൗതിക സാഹചര്യങ്ങളുള്ള വിദ്യാലയമാണ് ജി.എൽ.പി സ്കൂൾ കാലടി . അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലാണ്



# ഫാക്കൽറ്റി

ചിത്ര പി. ജി

ഹെഡ്മിസ്ട്രസ്



ഗീത കെ

1 എ



ജിസ്ന

1 ബി



ഗ്രീഷ്മ കെ ഗോപാൽ

2 എ



ആരിഫ
പാറപ്പുറത്തേതിൽ

2 ബി



രാരി
രാജൻ

3 എ



വിദ്യ പി

3 ബി



അർച്ചന എ.ജി

4 A



സ്മിത മാടമ്പത്ത്

4 ബി



ബിന്ദു വി . ബി

അറബിക്

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എൽ. പി. എസ് കാലടി |
| മേൽവിലാസം | : ജി.എൽ.പി.എസ് .കാലടി |
| | കാലടി പി ഒ, Pin code 679582 |
| | മലപ്പുറം |
| ഫോൺ നമ്പർ | : 9645568340 |
| സ്കൂൾ കോഡ് | : 19208 |
| വിദ്യാഭ്യാസ ഉപജില്ല | : എടപ്പാൾ |
| വിദ്യാഭ്യാസ ജില്ല | : തിരൂർ |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി ആർ സി | : എടപ്പാൾ |
| സി ആർ സി | : കാലടി |
| ബ്ലോക്ക് പഞ്ചായത്ത് | : പൊന്നാനി |
| ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| നിയമസഭ മണ്ഡലം | : തവനൂർ |
| താലൂക്ക് | : പൊന്നാനി |
| വില്ലേജ് | : കാലടി |
| ഇ മെയിൽ വിലാസം | : kaladiglps@gmail.com |

# പൊതു ലക്ഷ്യങ്ങൾ

1.സ്കൂളിൽഎത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പ് വരുത്തുക.

2 എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ്എന്നിവയ്ക്ക്പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തും

6. സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനിക വത്ക്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എ.കൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ.ജി. യുടെ നേതൃത്വത്തിൽ ലഭ്യമാക്കും

9.' വിദ്യാലയം ഒരു പാഠ പുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10.ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ ബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11.ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെൻറ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13 ഹരിത സേന രൂപീകരിക്കൽ

14.കൃഷി,ഔഷധത്തോട്ടം ,ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

15.വിദ്യാലയം ഹൈടെക്കാക്കി മാറ്റുക

# സ്കൂൾ പ്രവേശനോത്സവം2025-26

2025-26 ലെ പഞ്ചായത്ത് തല പ്രവേശനോത്സവം ജി.എൽ.പി സ്കൂൾ കാലടിയിൽ വെച്ച് നടത്താൻ തീരുമാനിച്ചു. പൂർവ വിദ്യാർത്ഥിയും ക്വിസ് ചാമ്പ്യനുമായ ആദർശാണ് ഉദ്ഘാടകൻ. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.ജി ബാബു,വൈസ് പ്രസിഡന്റ് ബൽക്കീസ് കൊരണപ്പറ്റ, വാർഡ് മെമ്പർ അബ്ദുൾ ഗഫൂർ, പിടിഎ പ്രസിഡന്റ് അനീഷ്, പ്രധാനാധ്യാപിക ചിത്ര ടീച്ചർ എന്നിവർ ആശംസകളർപ്പിക്കും.പിടിഎയുടെ നേതൃത്വത്തിൽ സ്കൂളും പരിസരവും അലങ്കരിക്കും.സ്റ്റാഫ് സെക്രട്ടറി ഗീത ടീച്ചർ നന്ദി പറയും

**പ്രവേശനദിനപരിപാടികൾ**

- വെൽകം ഡാൻസ്
- ചെണ്ടമേളം
- നവാഗതർക്ക് സ്വാഗതം
- നാമപുഷ്പങ്ങൾനൽകൽ
- അക്ഷരകിരീടം അണിയിക്കൽ
- പായസവിതരണം
- ക്വിസ് ചാമ്പ്യൻ ആദർശിന്റെ ക്വിസ് പ്രോഗ്രാം
- സംസ്ഥാനതല ഉദ്ഘാടനം വീഡിയോ പ്രദർശനം
- പ്രവേശനോത്സവഗാനം

## നല്ല പാഠം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഈ ഘട്ടത്തിൽ ജി.എൽ.പി.സ്കൂൾ കാലടിയും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികളും പ്രവർത്തന പാക്കേജും രൂപപ്പെടുത്തിയിട്ടുണ്ട്. കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രവേശിക എന്ന നിലയിലാണ് 3/6/2025 മുതൽ 13/6/2025 വരെയുള്ള ദിവസങ്ങളിലെ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന **നല്ല പാഠം** പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കുട്ടികളുടെ പഠന നില അറിഞ്ഞു കൊണ്ട് അവർക്കാവശ്യമായ പഠന പിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേന്മ പദ്ധതിയുടെ അനിവാര്യ ഘടകമാണ്.

## 3/6/2025 പൊതു വിഷയങ്ങൾ

ഓരോ ക്ലാസിലും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

# കൂട്ടുകാരെ പരിചയപ്പെടൽ
# അവധിക്കാല അനുഭവം പങ്കുവക്കൽ
#സ്കൂളിനെ അറിയൽ
#സ്കൂളും പരിസരവും നിരീക്ഷണം
#ടോയ്ലറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കൽ
#ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള ധാരണ രൂപീകരിക്കൽ
#മാലിന്യസംസ്കരണം,മാലിന്യങ്ങൾ തരം തിരിക്കൽ
#പൂന്തോട്ട നിർമ്മാണം
#ലൈബ്രറി പ്രയോജനപ്പെടുത്തൽ
#ശുചിത്വം
#ഉച്ച ഭക്ഷണം
#അപകട സാധ്യതകൾ മനസിലാക്കൽ
#അധികപ്രവർത്തനമായി എക്സൈസ് ഓഫീസറുടെ ഒരു ബോധവല്കരണ ക്ലാസ്

## 4/6/2025 ട്രാഫിക് നിയമങ്ങൾ

വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുമുള്ള വ്യക്തമായ ധാരണ പ്രൈമറി തലം മുതൽ നേടുന്നത് അപകടങ്ങൾ കുറച്ചു കൊണ്ടുവരാൻ സഹായിക്കും.

#റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വീഡിയോയുടെ സഹായത്തോടെ വിശദീകരിക്കൽ

#സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ യാത്രക്കാരായും വാഹനങ്ങളായും മോക്ക് ഡ്രിൽ നടത്തുന്നു

#സ്കൂൾ വാഹനത്തിലെ യാത്ര ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

#സിഗ്നലുകളെയും റെയിൽ ക്രോസുകളെയും കുറിച്ചുള്ള ധാരണ രൂപീകരിക്കൽ

**5/6/2025 വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം**

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു

#ശുചിത്വ ശീലങ്ങൾ മനസ്സിലാക്കൽ- പാട്ട്
#സർവ്വെ
#പരിസര ശുചിത്വം
#പ്രകൃതി നടത്തം
#സ്കൂളും പരിസരവും നിരീക്ഷക്കൽ
#ഹരിതക്യാമ്പസ് സൃഷ്ടിക്കൽ -ചെടികൾ നടൽ
#സ്കൂൾ സൗന്ദര്യ വത്കരണത്തിനായി കുട്ടികളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ -വൃക്ഷത്തൈ നടൽ

## 9/6/2025 പൊതു ആരോഗ്യം

#സുംബ ഡാൻസ് പരിശീലനം- അധ്യാപകരുടെ നേതൃത്വത്തിൽ
#ആരോഗ്യ ശീലങ്ങൾ ചർച്ച
#ശുചിത്വശീലങ്ങൾ
#മാനസികാരോഗ്യം
#ഹെൽത്ത് ഇൻസ്പെക്ടറുടെ ബോധവത്ക്കരണ ക്ലാസ്

## 10/6/2025 ഡിജിറ്റൽ അച്ചടക്കം

ഇന്ന് കുട്ടികളുടെ സ്ക്രീൻ ടൈം വളരെ കൂടുതലാണ്. രക്ഷിതാവിന്റെ അനു മതിയോടെയും അല്ലാതെയും കുട്ടികൾ ഒഴിവു സമയം ചെലവഴിക്കുന്നതിനായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ട്. ഡിജിറ്റൽ അച്ചടക്കത്തിനായി രാരി ടീച്ചറുടേയും ബിന്ദു ടീച്ചറുടേയും നേതൃത്വത്തിൽ ഒരു ബോധവത്കരണ ക്ലാസ്

## 11/6 / 2025 പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമൂഹത്തിനോടുള്ള പ്രതിപത്തിയെക്കുറിച്ചുമെല്ലാം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഗീത ടീച്ചറെ ചുമതലപ്പെടുത്തി

## 12/6/2025 പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്ങ്,വൈകാരിക നിയന്ത്രണമില്ലായ്മ

പരസ്പരസഹകരണത്തിന്റെ പ്രധാന്യം കുട്ടകൾക്ക് മനസിലാക്കിക്കൊടുക്കാൻ വിദ്യ ടീച്ചറെ ചുമതലപ്പെടുത്തി

## 13/6/2025 പൊതു ക്രോഡീകരണം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി രണ്ടാഴ്ചയോളം നടത്തി വന്ന ഒരു മണിക്കൂർ ക്ലാസ്സുകളെപ്പറ്റിയും മറ്റ്കാര്യങ്ങളെപ്പറ്റിയുമുള്ള പൊതു ക്രോഡീകരണത്തിനായി ചിത്ര ടീച്ചറെ ചുമതലപ്പെടുത്തി

# തനതു പ്രവർത്തനങ്ങൾ

2025-26 അധ്യയന വർഷത്തിൽ ജി.എൽ.പി.സ്കൂൾ കാലടി കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യം വെച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

### നിർമ്മാണ വർക്ക് ഷോപ്പുകൾ

1 പേപ്പർ പെൻ നിർമ്മാണം

2 പേപ്പർ ബാഗ് നിർമ്മാണം

3 പഠനോപകരണ നിർമ്മാണ ശില്പശാലകൾ

4 ചന്ദനത്തിരി,സോപ്പ് നിർമ്മാണം

5 ആഭരണ നിർമ്മാണം

6 ബുക്ക് ബൈൻറിംഗ്

## സ്കൂൾ പച്ചക്കറിത്തോട്ടം

വിദ്യാലയത്തിലെ പി.ടി.എയുടെ നേതൃത്വത്തിൽ കാലടി കൃഷിഭവൻ്റെ സഹകരണത്തോടെ മുൻവർഷത്തേക്കാൾ വിപുലമായ രീതിയിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കാനും പരിപാലിക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട് ഉച്ചഭക്ഷണത്തിലേക്കാവശ്യമായ വിഷരഹിത പച്ചക്കറികൾ സ്കൂൾ പച്ചക്കറിതോട്ടത്തിൽ നിന്ന് ലഭ്യമാക്കുകയാണ് ലക്ഷ്യം

## കുട്ടിയ്ക്ക് ഒരു മാസിൻ

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ജനുവരി മാസത്തോടെ 1 മുതൽ 4 വരെ യുള്ള ക്ലാസിലെ എല്ലാ കുട്ടികളും അവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നുന്നു. ക്ലാസ് ടീച്ചർമാർ നേതൃത്വം നൽകുന്നു. തെരഞ്ഞെടുക്കപ്പെട്ട രചനകൾ ചേർത്ത് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു.

## മാസത്തിൽ ഒരതിഥി സ്കൂളിലേക്ക്

കുട്ടികൾക്ക് പ്രമുഖ വ്യക്തികളെ പരിചയപ്പെടാനും സംവദിക്കാനുമുള്ള ഒരവസരം എന്ന നിലയിൽ മാസത്തിൽ ഒരു ഒരതിഥി സ്കൂളിലെത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും പാഭാഗങ്ങളുമായി ബന്ധപ്പെട്ടും ഈ പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നു.

## വളരുന്ന ലൈബ്രറി

ലൈബ്ര്റി ശാക്തീകരണം വിവിധ സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണത്തോടെ ഉറപ്പാക്കുന്നു.സ്കൂൾ ലൈബ്രറിയോടൊപ്പം തന്നെ ക്ലാസ് ലൈബ്രറികളും സജീവമാകുന്ന രീതിയിൽ പുസ്തകങ്ങളുടെ ക്രമീകരണം ഉറപ്പു വരുത്തുന്നു. ഒഴിവു സമയങ്ങളിലും അവധി ദിവസങ്ങളിലും കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി വായന പ്രോത്സാഹിപ്പിക്കുന്നു.

## എന്റെകുട്ടി - വളരുന്ന പുസ്തകം

ഈ വർഷം ഒന്നാം ക്ലാസിൽ തുടക്കം കുറിക്കുന്ന പദ്ധതിയാണിത് ഓരോ കുട്ടിയെയും കുറിച്ചുള്ള വ്യക്തിഗത വിവരങ്ങളും അക്കാദമിക നിലവാരവും ടീച്ചറുടെ വിലയിരുത്തൽ കുറിപ്പും ഒരു പുസ്തകത്തിൽ രേഖപ്പെടുത്തുകയും അടുത്ത വർഷത്തെ ക്ലാസധ്യാപികയ്ക്ക് കൈമാറുകയും ചെയ്യുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഓരോ വർഷവും കുട്ടിയ്ക്ക് ഉണ്ടായ പുരോഗതിയുടെ ഒരു വിലയിരുത്തൽ രേഖയായി ഇതു മാറും

## ഐ.ടി. സാക്ഷരത

വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും ഐ ടി ഉപകരണങ്ങൾ സ്വതന്ത്രമായി കൈകാര്യംചെയ്യുന്നതിനുള്ള ശേഷി കൈവരിക്കൽ.ഓരോ വിഷയത്തിലും ഓരോ പാഠഭാഗത്തിലും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം കുട്ടികൾക്ക് നൽകുന്നു

## ഈസി ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനായി കുട്ടികൾക്ക് ധാരാളം അവസരം ഒരുക്കി നൽകുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ട്

1 ഇംഗ്ലീഷ് അസംബ്ലി (എല്ലാ ബുധനാഴ്ചകളിലും )

2 ഇംഗ്ലീഷ് ഫെസ്റ്റ്

3 ദിവസത്തിൽ ഒരു ഇംഗ്ലീഷ് വാക്ക്

## ചോദ്യപെട്ടി

വിദ്യാലയത്തിലെ കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി തിങ്കളാഴ്ചകളിൽ 5 പൊതുവിജ്ഞാന ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വെള്ളിയാഴ്ചക്കകം കുട്ടികൾ ശരിയുത്തരം കണ്ടെത്തി ഉത്തരങ്ങൾ ചോദ്യപ്പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.5 ചോദ്യങ്ങൾക്കും ശരിയുത്തരം കണ്ടെത്തിയവരിൽ നിന്നും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന 3 പേർക്ക് സമ്മാനം നൽകുന്നു.

## സംയുക്ത ഡയറി / സർഗാത്മക ഡയറി

ഒന്ന്, രണ്ട് ക്ലാസുകളിൽ രക്ഷിതാവും കുട്ടിയും ചേർന്നെഴുതുന്ന സംയുക്ത ഡയറിയും മൂന്ന്, നാല് ക്ലാസുകളിൽ കുട്ടികളുടെ സർഗ്ഗാത്മകതയ്ക്ക് ഊന്നൽ നൽകിയുള്ള സർഗാത്മക ഡയറിയും വിദ്യാലയത്തിലെ എല്ലാ കുട്ടികളും എഴുതി വരുന്നു. കുട്ടി കാണുന്ന വൈവിധ്യമാർന്ന അവരുടെ ജീവിതാനുഭവങ്ങൾ മനോഹരമായ വാക്കുകളോ ഭാവനാത്മകമായ രചനകളോ ആയി മാറുന്നു. കുട്ടിയുടെ ഭാവന വികസിക്കുന്നത് നേരനുഭവങ്ങളും ചിന്തകളും സമന്വയിപ്പിക്കുമ്പോഴാണ് . ഇത് അവരുടെ സംയുക്ത ഡയറിയിലും സർഗാത്മക ഡയറിയിലും പ്രതിഫലിക്കും. 2025-26 അധ്യയന വർഷത്തിലെ പഠനോത്സവത്തിൽ മികച്ച പഠനത്തെളിവുകളായി ഈ ഡയറികളുമുണ്ടാവും.

## പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യം ഉണ്ട്. കുട്ടിയിൽ താള ബോധം ഉണ്ടാകുന്നതിലൂടെ വാണ ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾഈണം കണ്ടെത്തി അവതരിപ്പിക്കാൻ താള ബോധം സ്വായത്തമാക്കിയ കുട്ടിയ്ക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠ ഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി ഒന്ന്, രണ്ട് ക്ലാസുകളിൽ നടപ്പിലാക്കിയ പരിപാടിയാണ് പാട്ടരങ്ങ് . ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## റീഡേഴ്സ് തിയേറ്റർ

വായനയുടെ നൂതന സങ്കേതമായ റീഡേഴ്സ് തിയേറ്റർ. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ പാഠ ഭാഗങ്ങളും ലഘു സാഹിത്യകൃതികളും കുട്ടികൾ ഈ രീതിയിൽ . ഇത്തരത്തിലുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കുട്ടികൾക്ക് പഠനത്തോട് താൽപ്പര്യമുണ്ടാക്കും.

## എൽ. എസ്. എസ്. പരിശീലനം

മിഷൻ 2K26 എന്ന പേരിൽ ഇത്തവണ ജൂൺ മുതൽ തന്നെ നാലാം ക്ലാസിലെ കുട്ടികൾക്ക് മികച്ച രീതിയിലുള്ള പരിശീലനം നടത്താനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഓരോ ആഴ്ചയിലും മോക്ക് ടെസ്റ്റുകൾ, ഓരോ മാസത്തിലും എടുത്ത പാഠവുമായി ബന്ധപ്പെട്ടുള്ള മോഡൽ പരീക്ഷകൾ, കാലത്തും വൈകിട്ടും ഉള്ള പ്രത്യേക കോച്ചിംഗ് ക്ലാസ്സ്, ഗണിതം, മലയാളം പോലുള്ള വിഷയങ്ങൾക്ക് സാധ്യമായ സബ്ജക്ട് എക്സ്പേർട്ട്സിന്റെ ക്ലാസ്സുകൾ ഉപയോഗപ്പെടുത്തുക. വിഷയാധിഷ്ഠിതമായി വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടേയും സേവനം പ്രയോജനപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കുക. മികച്ച വിജയം കൈവരിക്കുക, രക്ഷിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ് നടത്തുക എന്നിവയാണ് ഈ വർഷം എൽ.എസ്.എസ് പരീക്ഷക്കായി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

# വിജയസ്പർശം 2025-26

മുൻ വർഷങ്ങളിലേതു പോലെ തന്നെ 2025- 2026 അധ്യയനവർഷത്തിലും വിജയ സ്പർശം പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. ഈ അധ്യയന വർഷത്തിൽ തന്നെ ഗണിതം മലയാളം ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അടിസ്ഥാനപരമായ കഴിവുകൾ  നേടിയെടുക്കുക എന്ന പഠനനേട്ടമാണ് ലക്ഷ്യമിടുന്നത്. ഓരോ വിഷയത്തിലും അതത് ക്ലാസ്സിൽ കുട്ടി നേടേണ്ട മിനിമം പഠനനേട്ടങ്ങൾ കുട്ടിക്ക് നേടിക്കൊടുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഓരോ ക്ലാസിലെയും വിജയ സ്പർശത്തിൽ ഉൾപ്പെട്ട കുട്ടികളെ മുഖ്യധാരാ പഠനത്തിൽ നിന്ന് മാറ്റി നിർത്താതെ തന്നെ പഠനനേട്ടങ്ങളിലേക്ക് എത്തിക്കുന്ന രീതിയിൽ പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നു. ഓരോ വിഷയത്തിനും 25 മണിക്കൂർ എന്ന രീതിയിൽ പ്രവർത്തനംക്രമീകരിക്കുന്നു. അധ്യയനദിവസങ്ങളിലെ അധികം പഠന പ്രവർത്തനമായും അവധിദിവസങ്ങളിലെ പഠന പ്രവർത്തനമായും ഈ മണിക്കൂറുകൾ ക്രമീകരിച്ചെടുക്കുന്നു ജനുവരി മാസത്തെ വിജയ സ്പർശം പദ്ധതിയുടെ വിജയകരമായ പൂർത്തീകരണമാണ് ലക്ഷ്യമിടുന്നത്. ഓരോ ക്ലാസിലെ അതത് വിഷയങ്ങൾക്കൊപ്പം പ്രത്യേകമായി വിജയ സ്പർശത്തിന് പ്രവർത്തനങ്ങൾ നൽകിയാണ്  കുട്ടികളെ പ്രാപ്തരാക്കുന്നത്.

## അവസ്ഥാ വിശകലനം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| അക്കാദമിക പ്രവർത്തനങ്ങൾ<br>മികച്ച രീതിയിൽ<br>സംഘടിപ്പിക്കുന്ന മികവുറ്റ<br>അധ്യാപക സമൂഹം<br>,ആധുനിക രീതിയിൽ<br>നവീകരിച്ച ശിശുസൗഹൃദമായ<br>കെട്ടിട സമുച്ചയം<br>മികച്ച ലൈബ്രറി, ലാബ്<br>കമ്പ്യൂട്ടർ പഠന സൗകര്യം<br>'ഓരോ കുട്ടിക്കും<br>ഗുണമേന്മയുള്ള വിദ്യാഭ്യാസം'<br>പദ്ധതി കുട്ടികളുടെ കഴിവും<br>അഭിരുചിയും പരിഗണിച്ച്<br>പരിശീലനം ലഭ്യമാക്കുന്നു<br>കലാ പഠനം പ്രവൃത്തിപരിചയ<br>പഠനം കായിക പഠനം<br>എന്നിവയ്ക്ക്<br>പ്രത്യേക പരിശീലനം<br>പഠനത്തിൽ പിന്തുണ<br>ആവശ്യമുള്ള കുട്ടികൾക്ക്<br>'വിജയ സ്പർശം 2025-26'<br>എന്ന പ്രത്യക പിന്തുണ<br>പ്രവർത്തനങ്ങൾ<br>പ്രത്യേക പരിഗണനയും<br>പിന്തുണയും<br>അർഹിക്കുന്നവർക്കുള്ള<br>വ്യക്തിഗത സപ്പോർട്ട്<br>സർഗ്ഗാത്മക വേദികൾ, | മുഴവൻ കുട്ടികൾക്കും<br>ഭാഷാശേഷി ,ഗണിതശേഷി<br>എന്നിവ കൈവരിക്കാൻ<br>കഴിഞ്ഞിട്ടില്ല<br>മികച്ച ലാബ്, ലൈബ്രറി<br>സംവിധാനങ്ങൾ ഉണ്ടെങ്കിലും<br>സ്വതന്ത്രമായി കുട്ടികൾക്ക്<br>ഇടപെടാനുള്ള അവസരമില്ല.<br>ലാബ് പ്രവർത്തനങ്ങൾ<br>കൂടുതൽ മെച്ചപ്പെടാനുണ്ട്<br>വായനയ്ക്ക് നല്ല പ്രോത്സാഹനം<br>വിദ്യാലയം നൽകുന്നുവെങ്കിലും<br>നന്നായി പുസ്തകം വായിക്കുന്ന<br>കുട്ടികളുടെ എണ്ണം കുറവാണ്.<br>വായനയിലേക്ക് കുട്ടികളെ<br>നയിക്കാൻ സാധിച്ചിട്ടില്ല<br>മത്സര പരീക്ഷയിൽ<br>പ്രത്യേകിച്ച് പൊതുവിജ്ഞാന<br>മേഖലയിൽ കുട്ടികളുടെ<br>പിന്നോക്കാവസ്ഥ<br>പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>ഐ ടി അധിഷ്ഠിത പഠനം<br>എന്ന നിലയിലേക്ക് ക്ലാസ്റൂം<br>പ്രവർത്തനങ്ങളൊരുക്കാൻ<br>എല്ലാ അധ്യാപകർക്കും<br>സാധിച്ചിട്ടില്ല<br>കുട്ടികളുടെ പഠന<br>പിന്നോക്കാവസ്ഥ |

| | |
|---|---|
| ആശയ പ്രകടനവേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ,ദിനാചരണ ൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പിക്കുന്നു. കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ | പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. I ED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് , സ്ഥിരതയുള്ള ഇൻ്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠനപ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു . കെ ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല |

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1. എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്ന തിനും എഴുതുന്നതിനും പ്രാപ്തരാക്കുക

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പ് വരുത്തുക

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക

4. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക

7. മികച്ച വായനാ ശീലം വളർത്തുക

8. മൂന്ന്, നാല് ക്ലാസുകളിൽ പഠനാനുഭവങ്ങൾ വൈവിധ്യമാക്കാനായി കാവ്യോത്സവം നടപ്പിലാക്കുക

9. നാലാം ക്ലാസിൽ സർഗാത്മക ഡയറി നടപ്പിലാക്കുക

10. ഒന്ന്, രണ്ട് ക്ലാസ്സുകളിൽ പാട്ടരങ്ങ്, കുഞ്ഞെഴുത്ത് എന്നിവ നടപ്പിലാക്കുന്നതിലൂടെ കുട്ടികളുടെ ആസ്വാദനശേഷി, സർഗാത്മക ശേഷി വികസിപ്പിക്കുക

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
4. സ്വതന്ത്ര എഴുത്തിനു സജ്ജരാക്കുക
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തു ക
6. ക്ലാസ്, സ്ഥല വായനമൂല സ്കൂൾലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക, കുട്ടികളെ വായിക്കാൻ പ്രാപ്തരാക്കുക
7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണവർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക

## പരിസരപഠനം

1.ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുകശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3. ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
4. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
5. ആധുനിക സൗകര്യങ്ങളോടു കൂടി ലാബ് സജ്ജമാക്കുക
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

# ഗണിതം

1.അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

4. ആധുനീക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിന് പ്രയോജനപ്പെടുത്തുക

5. യുക്തിചിന്ത, ഗണിതചിന്താ വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക

6. മൂന്നാം ക്ലാസ്സിൽ കുട്ടികളുടെ ഗണിത ശേഷികൾ വളർത്തുന്നതിന് ഗണത പെട്ടി തയ്യാറാക്കുക

7. ഗണിതത്തിലെ ചതുഷ്ക്രിയകൾക്ക് പ്രാധാന്യം നൽകി അതിന്റെ അടിസ്ഥാനശേഷികൾ എല്ലാ കുട്ടികളിലും ഉറപ്പ വരുത്തുക

8. ഗണിത വിജയം പോലുള്ള പഠനസാമഗ്രികൾ ഉപയോഗിച്ച് ഗണിതപഠനം കൂടുതൽ എളുപ്പത്തിൽ ആക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.

9 സ്മാർട്ട്ബോർഡ്ഉപയോഗിച്ച്കലണ്ടർ,ക്ലോക്ക്,അളവുകൾ,രൂപങ്ങൾ, ത്രിമാന ഗണിത രൂപങ്ങൾ എന്നീ ഗണിത മേഖലകൾ കണ്ടും കേട്ടും പഠിക്കാനായി അവസരം ഒരുക്കുന്നു.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ സംവാദങ്ങൾ, എന്നിവ സംഘടിപ്പിക്കുക

## ഐ. സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉത്പ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# മലയാളം

**പ്രവർത്തനം : 1**
**പേര്  പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല  വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

**പ്രവർത്തനം : 2**
**പേര്  : എന്റെ  പുസ്തകം**
**ഉപമേഖല  : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

**പ്രവർത്തനം : 3  ഉച്ചഭാഷിണി വായന**
**പേര്  : ഉച്ചഭാഷിണി വായന**
**ഉപമേഖല  : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6

പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10
പേര് : രചനോത്സവം
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12
പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക
ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | 3000 |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**
**പേര് : ഇംഗ്ലീഷ് അസംബ്ലി**
**ഉപമേഖല : പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**
**പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായാനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# അറബിക്

പ്രവർത്തനം : 1

പേര് : **ലോക ഭാഷ -അറബി ഭാഷ**

ഉപമേഖല : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : **അറബി വായനോത്സവം**

ഉപമേഖല : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : **അറബി രചനോത്സവം**

ഉപമേഖല : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക്ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | 5, 6, 7 ക്ലാസിലെ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2025-26 | SRG<br>PTA | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം 4**

**പേര്** **യൂണിറ്റ് വിലയിരുത്തൽ**

**ഉപമേഖല** **യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**

**പേര് : ഗണിതക്ലാസ് പി.ടി.എ.**

**ഉപമേഖല : സി.പി.ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**

**പേര് : ഗണിതം മധുരം**

**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരിക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# സാമൂഹികാവബോധം

**പ്രവർത്തനം : 1**
**പേര് : അതിഥിയെ അറിയൽ**
**ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പ്രാദേശിക അറിവ്**
**ഉപമേഖല : നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം : 3**
**പേര് : ഫീൽഡ് ട്രിപ്പ്**
**ഉപമേഖല : പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം :** 1
**പേര്** : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
**ഉപമേഖല** : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

**പ്രവർത്തനം :** 2
**പേര്** : IT ലാബ്
**ഉപമേഖല** : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1

പേര് : **പ്രവൃത്തി** പരിചയശിൽപശാല

ഉപമേഖല : **നിർമ്മാണ കഴിവുകൾ** വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2

പേര് : **പേപ്പർ ബാഗ് നിർമാണം**

ഉപമേഖല : **പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വിക്ഷസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : 3

പേര് : ഒറിഗാമി

ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ – കായിക – വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : **കായികാരോഗ്യം**

ഉപമേഖല : **എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാഡ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : **ഹെൽത്ത് ചെക്ക് അപ്പ്**

ഉപമേഖല : **ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

പ്രവർത്തനം : 3

പേര് : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

ഉപമേഖല : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## ചുമതല വിഭജനം

**ചിത്ര PG**- സ്കൂൾബസ്,ഉച്ചഭക്ഷണം,
ഐ.ഡികാർഡ്,പ്രവൃത്തിപരിചയമേള,പച്ചക്കറിത്തോട്ടം

**ഗീത K**-സ്റ്റാഫ് സെക്രട്ടറി,ടെക്സ്റ്റ്ബുക്ക്,ഉച്ചഭക്ഷണം,
ഗണിതമേള,വിനോദയാത്ര

**ബിന്ദു V B** -അറബിക്ക് ക്ലബ്,PSITC,ഉച്ചഭക്ഷണം,
പ്രീപ്രൈമറി,ദുരന്തനിവാരണക്ലബ്ബ്, അറബികലാമേള,
സേവിംഗ് സ്കീം,വിനോദയാത്ര

**അർച്ചന AG** - ഗണിത ക്ലബ്ബ്,ലോഗ് ബുക്ക്, വിജയസ്പർശം
**രാരി രാജൻ** - PSITC ,പരീക്ഷ,സ്കൂൾ പാർലമെൻറ്,പത്രം,
സയൻസ് ക്ലബ്
**ആരിഫ പാറപ്പുറത്തേതിൽ** - ഗണിത മേള,സ്കൂൾ അസംബ്ലി,
കായികം,അച്ചടക്കം,സ്കൂൾ പച്ചക്കറിത്തോട്ടം,പരിസ്ഥിതിക്ലബ്ബ്

**വിദ്യ P**-അക്കാദമിക മാസ്റ്റർ പ്ലാൻ , വാർഷിക കലണ്ടർ, ശാസ്ത്രമേള,
വിദ്യാരംഗം
**ഗ്രീഷ്മ K ഗോപാൽ** -സ്കൂൾ ബസ്, അക്കാദമിക മാസ്റ്റർ പ്ലാൻ ,
ആരോഗ്യ ക്ലബ്,സാമൂഹ്യശാസ്ത്രക്ലബ്,സാമൂഹ്യശാസ്ത്രമേള
സ്മിത മാടമ്പത്ത്- SRG കൺവീനർ,
കലാമേള, ഡോക്യുമെൻേറഷൻ,പതിപ്പ്/സ്മരണിക, ഇംഗ്ലീഷ്
ക്ലബ്ബ്,LSS

**ജിസ്ന** -കായികമേള,ആരോഗ്യം,സ്കൂൾഡയറി,സാമൂഹ്യശാസ്ത്രമേള

# ക്രോഡീകരണം

ഒരു വർഷത്തേക്കുള്ള പഠന പഠനേതര പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വളരെ മികച്ച ഭൗതിക സാഹചര്യമുള്ള വിദ്യാലയമാണ് ജി.എൽ.പി.സ്കൂൾ കാലടി . അതോടൊപ്പം ഇനിയും മെച്ചപ്പെടേണ്ട ഒട്ടേറെ സാഹചര്യങ്ങളും സംവിധാനങ്ങളും വിദ്യാലയത്തിനുണ്ട്. എല്ലാ ക്ലാസ് മുറികളും ഡിജിറ്റൽ ആക്കുക , മികച്ച ലാംഗ്വേജ് ലാബ്, ലൈബ്രറി, ശാസ്ത്ര ലാബ് നഴ്സിംഗ് സ്റ്റേഷൻ, കൗൺസിലിംഗ്, അത്യാധുനിക ഡിജിറ്റൽ സൗകര്യത്തോടെയുള്ള മീറ്റിംഗ് ഹാൾ സ്വിമ്മിംഗ് പൂൾ കിച്ചൺ & ഡൈനിംഗ് ,ഏരിയ ആയിരത്തിൽ പരം കുട്ടികൾക്ക് പഠിക്കാനുള്ള ബിൽഡിംഗ് ,വൈവിധ്യമാർന്ന കായിക ഇനങ്ങൾ പരിശീലിപ്പിക്കാൻ ആവശ്യമായ പുൽത്തകിടിയുള്ള കളിസ്ഥലം , സർഗ്ഗശേഷികൾ വികസിപ്പിക്കാനുള്ള പരിശീലന കളരി, മികച്ച കലാകായിക പരിശീലന അധ്യാപകർ ഇതെല്ലാം ഭാവിയിലേക്ക് വിദ്യാലയത്തിൻറെ സ്വപ്ന പദ്ധതികളാണ്. ഈ ലക്ഷ്യങ്ങളെല്ലാം സാക്ഷാത്ക്കരിക്കാൻ കഴിയുമെന്ന് ഉത്തമ പ്രതീക്ഷയുണ്ട്